കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി കോർപ്പറേഷൻ- അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലനിർമ്മാണം–സ്ഥലമേറ്റെടുക്കൽ--2014-15 ഉപധനാഭ്യർത്ഥന–ശീർഷകം 4217-60-800-98 (പി)-- കൊച്ചി കോർപ്പറേഷനുവേണ്ടി 10 കോടി രൂപ റിലീസ് ചെയ്യുന്നതിന് – Drawing & Disbursing Officer- ആയി നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പ്**

സ.ഉ.(സാധാ)നം. **299**/2015/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം: **30.1.2015.**

---

<u>പരാമർശം</u> : 1. 21/10/2014–ലെ സർക്കാർ ഉത്തരവ് , സ.ഉ(സാധാ) നം. 2726/14/തസ്വഭവ.
2. നഗരകാര്യഡയറക്ടറുടെ 23/12/2014 ലെ ഡിസി2 21928/14 നമ്പരിലുള്ള കത്ത്.

<u>ഉത്തരവ്</u>

കൊച്ചി കോർപ്പറേഷന് അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലനിർമ്മാണത്തിന് സ്ഥലമെടുപ്പിനായി 2014-15ലെ ആദ്യ ഉപധനാഭ്യർത്ഥന പ്രകാരം 4217-60-800-98 (പി)' എന്ന ശീർഷകത്തിൻകീഴിൽ വകയിരുത്തിയിരിക്കുന്ന 25.90 കോടി രൂപയിൽ നിന്നും ആദ്യ ഗഡുവായി 10 കോടി രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നല്കി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ ടി തുക കൊച്ചി കോർപ്പറേഷന് നേരിട്ട് റിലീസ് ചെയ്യുന്നതിന് കഴിയാത്തതിനാൽ "4217-60-800-98(പി)" ശീർഷകത്തിന്റെ കൺട്രോളിംഗ് ഓഫീസറായ നഗരകാര്യ ഡയറക്ടർക്ക് കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിൽ പ്രസ്തുത തുക റിലീസ് ചെയ്യുന്നതിന് ചുമതല നല്കണമെന്ന് നഗരകാര്യഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

....2/

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, പരാമർശം(1) പ്രകാരം കൊച്ചി കോർപ്പറേഷന് അനുവദിച്ച തുക കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിൽ റിലീസ് ചെയ്യുന്നതിന് ഡ്രോയിംഗ് & ഡിസ്ബേർസിംഗ് ഓഫീസറായി നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ.പി.എം. മൊഹമ്മദ് ഹനീഷ്
സെക്രട്ടറി, തദ്ദേശസ്വയംഭരണ
(നഗരകാര്യ) വകുപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ, കൊച്ചി
പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ. & എ)) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**